## പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 1045** **30.11.2018**-ലെ മറുപടി

## മാവൂർ ഗ്രാമപഞ്ചായത്തിലെ കുടിവെള്ള പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.പി.ടി.എ. റഹീം** | **കെ. കൃഷ്ണൻകുട്ടി**<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| എ) മാവൂർ ഗ്രാമപഞ്ചായത്തിൽ കുടിവെള്ളം ലഭ്യമാക്കുന്നതിന് 102 ലക്ഷം രൂപയുടെ ഭരണാ നുമതി ലഭിച്ച പ്രവൃത്തിയുടെ വിശദാംശങ്ങൾ അറിയിക്കാമോ ; | എ) മാവൂർ ഗ്രാമപഞ്ചായത്തിന് കുടിവെള്ളം ലഭ്യമാക്കുന്നതിന് 2018 –19 പ്ലാൻ ഫണ്ടിൽ 103 ലക്ഷം രൂപയുടെ ഭരണാനുമതി നല്കിയിട്ടുണ്ട് . മേൽ പ്രവൃത്തിയിൽ കോഴിക്കോട് നഗര ശുദ്ധജല വിതരണ പദ്ധതിയിൽ നിന്നും കുളിമാട് ഒ.എച്ച് ടാങ്കിൽ നിന്നും 250 മില്ലിമീറ്റർ ഡി.ഐ പൈപ്പ് 1600 മീറ്റർ സ്ഥാപിച്ച് മാവൂർ ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതിയുമായി ബന്ധിപ്പിക്കുന്ന പ്രവൃത്തിയാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഇത് പൂർത്തിയായാൽ നിലവിലുള്ള മാവൂർ ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതിയിലൂടെ ശുദ്ധീകരിച്ച കുടി വെള്ളം നൽകാനാവും. മേൽ പ്രവൃത്തി ടെണ്ടർ ചെയ്ത് വർക്ക് ഓർഡർ നൽകിയിട്ടുണ്ട് . |
| ബി) ഇപ്പോൾ ഭരണാനുമതി ലഭിച്ച പദ്ധതിയിൽ നിന്നും മാവൂർ കോട്ടക്കുന്ന് അട്ടുവാട് പട്ടികജാതി കോളനിയിൽ കുടിവെള്ളം ലഭ്യമാക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ടോ; | ബി) ഭരണാനുമതി ലഭിച്ച മേൽ പദ്ധതിയിൽ നിന്നും മാവൂർ കോട്ടക്കുന്ന് അട്ടുവാട് പട്ടികജാതി കോളനിയിലേക്ക് അലോക്കേഷൻ വച്ചിട്ടില്ല. നിലവിൽ അട്ടുവാട് കോട്ടക്കുന്ന് പട്ടിക ജാതി കോളനിക്ക് ഒരു കുടിവെള്ള പദ്ധതിയുണ്ട് . |
| സി) ഭരണാനുമതി ലഭിച്ച പദ്ധതിയുടെ ഭാഗമായിത്തന്നെ പ്രസ്തുത പ്രവൃത്തി നടപ്പിലാക്കാൻ കഴിയുമോ ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ? | സി) ഭരണാനുമതി ലഭിച്ച പദ്ധതിയുടെ ഭാഗമായി പ്രസ്തുത പ്രവൃത്തി നടപ്പിലാക്കാൻ കഴിയില്ല . |

Renuka Sankar

സെക്ഷൻ ഓഫീസർ